**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.673** **13.01.2021-ൽ മറുപടിക്ക്**

**<u>ടൂറിസം വികസനം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>സഹകരണവും<br>വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിൽ വരുന്ന വിദേശ സഞ്ചാരികളുടെ എണ്ണം ഇരട്ടി ആക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം നാലിലൊന്നെങ്കിലും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) കേരളത്തിലേക്കുള്ള വിദേശസഞ്ചാരികളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br>• ചാമ്പ്യൻസ് ബോട്ട് ലീഗ് - രണ്ടാം ഘട്ടം<br>• ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം<br>• ദേശീയ അന്തർദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ<br>• ടൂർ ഓപ്പറേറ്റർമാർ, വിനോദ സഞ്ചാരമേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി FAM ടൂറുകൾ സംഘടിപ്പിക്കൽ<br>• അച്ചടി മാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യ ക്യാമ്പയിനുകൾ<br>• ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്<br>• സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും<br>• ബ്ലോഗ് എക്സ്പ്രസ്സിന്റെ തുടർച്ച<br>• MICE, വെഡിംഗ് ടൂറിസം. മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരണം. |
| (ബി) എങ്കിൽ ഇതിന്റെ ഫലമായി ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (ബി) സംസ്ഥാനത്ത് എത്തുന്ന വിനോദ സഞ്ചാരികളുടെ എണ്ണം കലണ്ടർ വർഷാടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. 2020 വർഷത്തിൽ കേരളം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണം അന്തിമമാക്കിയിട്ടില്ല. നിപയും പ്രളയവും സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. എങ്കിലും നൂതന വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിലൂടെ ആഭ്യന്തര /വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2016 മുതൽ 2019 വരെ കേരളം സന്ദർശിച്ച ആഭ്യന്തര/വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം ചുവടെ ചേർക്കുന്നു |

| വർഷം | ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം | വർദ്ധനവ് (%) | വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം | വർദ്ധനവ് (%) |
|---|---|---|---|---|
| 2016 | 1,31,72,535 | 5.67 | 10,38,419 | 6.23 |
| 2017 | 1,46,73,520, | 11.39 | 10,91,870 | 5.15 |
| 2018 | 1,56,04,661 | 6.35 | 10,96,407 | 0.42 |
| 2019 | 1,83,84,233 | 17.81 | 11,89,771 | 8.52 |

(സി) ടൂറിസം മേഖലയിൽ ഈ സർക്കാരിന്റെ കാലത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ തെരഞ്ഞെടുത്തിട്ടുള്ള ടൂറിസം കേന്ദ്രങ്ങളിൽ കുടുംബശ്രീ മുഖേന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഡി.ടി.പി.സി. കൾക്ക് കീഴിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ നടത്തിപ്പിനായി ജീവനക്കാരെ നിയമിക്കാറുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി പ്രാദേശിക ജനസമൂഹത്തെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി വരുമാന ലഭ്യത ഉറപ്പ് വരുത്തിയിരിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചതിന് ശേഷം 2017 ആഗസ്റ്റ് മാസം മുതൽ 2020 ഡിസംബർ വരെ പ്രത്യക്ഷമായും പരോക്ഷമായും ആകെ 100730 ഗുണഭോക്താക്കൾ ഇതിന്റെ ഭാഗമായിട്ടുണ്ട്.

(ഡി) ടൂറിസം വികസനത്തിന് ടൂറിസം ഡെസ്റ്റിനേഷനുകളിൽ സ്വകാര്യ നിക്ഷേപവും അടിസ്ഥാന സൗകര്യവും ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഡി) കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും സുസ്ഥിര വികസനം സാധ്യമാക്കുന്നതിനുമായി ഗ്രീൻ കാർപെറ്റ് പദ്ധതി, വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ബാരിയർ ഫ്രീ ടൂറിസം പദ്ധതി, ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, പ്രോജക്ട് ഗ്രീൻ ഗ്രാസ് എന്നീ പദ്ധതികൾ, ദിവസേന ടൂറിസ്റ്റുകൾ കൂടുതലായി എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകോത്തര നിലവാരത്തിലുള്ള ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിനായിട്ടുള്ള പദ്ധതികൾ മുതലായവ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന വികസനത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ